# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.940 05.03.2018 ൽ മറുപടിക്ക്**

**തലശ്ശേരി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ.ഷംസീർ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| 2018-2019 വർഷത്തെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ തലശ്ശേരി ഗവൺമെന്റ് കോളേജ്(ചൊക്ലി) നായി 2000 ലക്ഷം രൂപയും ചൊക്ലി സബ് ട്രഷറിക്കായി 500 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിരത്തുവിഭാഗത്തിൻകീഴിൽ മാടപ്പടിക – ഇടയിൽ പീടിക, പൂക്കോട് റോഡ് മെക്കാഡം ടാറിംഗിനായി 200 ലക്ഷം രൂപയും പള്ളിക്കുനി - പെരിങ്ങാടി റോഡ് - മെക്കാഡം ടാറിംഗിനായി 200 ലക്ഷം രൂപയും ചൊക്ലി രജിസ്ട്രാഫീസ് - പൂക്കോം റോഡ് മെക്കാഡം ടാറിംഗിനായി 400 ലക്ഷം രൂപയും കമ്പിപ്പാലം - കതിരൂർ ഗ്രാമ പഞ്ചായത്ത് റോഡിനായി 300 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ദേശീയപാതാ വിഭാഗത്തിനുകീഴിൽ കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ കയ്യാലി - കൊളശ്ശേരി - തോട്ടുമ്മൽ - ചോനാടം - കതിരൂർ റോഡിന് 2018-19 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ